എസ്.വി.എച്ച്.എസ്.എസ്.

പാണ്ടനാട്


little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# സ്വപ്ന വിഹായസ്സ്

## ഡിജിറ്റൽ മാഗസ്സിൻ




സ്വപ്നം കാണുക,
ആ സ്വപ്നങ്ങളെക്കുറിച്ച്
ചിന്തിക്കുക,
ആ ചിന്തകളെ
പ്രവർത്തിയിലൂടെ
സഫലമാക്കുക..



*എം സി അംബികാകുമാരി*

**ഹെഡ്മിസ്ട്രസ്**

## *ആശംസ*

*ഇത് ഒരു കൂട്ടം കുരുന്നുകളുടെ സർഗാത്മക കഴിവുകളെ സാങ്കേതിക കൗതുകത്തിലൂടെ ആവിഷ്കരിച്ചിരിക്കുന്ന ഒരു പതിപ്പ് ആണ് . അവരുടെ സങ്കല്പങ്ങളും സ്വപ്നങ്ങളും എല്ലാം ഇതിൽ കാണാൻ സാധിക്കുന്നുണ്ട് . ഈ ഒരു പ്രവർത്തന മികവിന് എന്റെ എല്ലാ വിധ ആശംസകൾ നേരുന്നു . അവരുടെ സ്വപ്നവിഹായസിലേക്ക് പറക്കാൻ ഇത് ഒരു തുടക്കമാവട്ടെ.....*

*സ്നേഹപൂർവ്വം*

*നിങ്ങളുടെ അംബിക ടീച്ചർ*



# എഡിറ്റോറിയൽ

ആദർശ് ദിവാകർ
( എഡിറ്റർ )
9E

ഉള്ളവതെല്ലാം ഉയർവുള്ളലാൽ മാത്രത് തല്ലിനും തെല്ലമായ് നിർത്തുന്നത്

[ ഉയരങ്ങളെപ്പറ്റി മാത്രം ചിന്തിക്കുക . അതായിരിക്കണം നിങ്ങളുടെ ഒരേയൊരു ചിന്ത . ഒരുപക്ഷെ നിങ്ങളുടെ ലക്ഷ്യം എത്തിപ്പിടിക്കാൻ കഴിഞ്ഞില്ലെങ്കിൽപ്പോലും ആ ചിന്തകൾ നിങ്ങളെ ഉയരത്തിലേക് എത്തിക്കും . ] ______ [ തിരുക്കുറൾ ]

സ്വപ്നം കാണുക ,എന്തിനെ കുറിച്ചും.... പ്രയത്നിക്കുക സ്വപ്നം യാഥാർഥ്യമാകാൻ.... എന്നും എപ്പോഴും ,അതാവണം നാം ഓരോരുത്തരുടെയും ലക്ഷ്യം അതിലേക്കുള്ള യാത്രയിലാണിപ്പോൾ നാം .

നമ്മളെ സ്വപ്നം കാണാൻ പഠിപ്പിച്ചത് മറ്റാരുമല്ല 'ഭാരതത്തിന്റെ പ്രിയ പുത്രൻ'
എ .പി.ജെ യാണ് .അദ്ദേഹത്തിനാവട്ടെ സ്വപ്നദർശനം കിട്ടിയത് തിരുക്കുറലിൽ നിന്നും. അപ്പോൾ ഇന്നു തുടങ്ങിയതല്ല ഈ യാത്ര . എത്രയോ നാളുകൾക്കു മുൻപേ നാം സ്വപ്നത്തിലേക്കുള്ള പ്രയാണം ആരംഭിച്ചിരുന്നു .....

നമ്മൾ ഇന്നൊരു വലിയ പ്രതിസന്ധിയിൽ നിൽക്കുകയാണ് പ്രളയത്തിന്റെ കരാളഹസ്തങ്ങൾ തട്ടി തകർത്തത് നമ്മുടെ ഓരോരുത്തരുടെയും സ്വപ്നങ്ങളെയും ആണ് .പക്ഷെ അങ്ങനെ തകരുന്നതാണോ നമ്മുടെ സ്വപ്നങ്ങൾ.തകർക്കാൻ ആകുമോ നമ്മുടെ സ്വപ്നങ്ങളെ.

ഇല്ല!.... ഒരിക്കലുമില്ലാ... .അതിനു നമുക്ക് വേണ്ടത് നിശ്ചയദാർഢ്യവും സ്ഥിരോത്സാഹവുമാണ് .നാം മനസ്സുവച്ചാൽ നമുക്ക് നേടാൻ ആവാത്തതായി ഈ ലോകത്തു ഒന്നുമില്ല എന്ന യാഥാർഥ്യത്തെ നാം ഉൾക്കൊള്ളുക .എന്നിട്ടു ഒത്തുചേർന്നു നമുക്ക് പ്രയത്നിക്കാം നമ്മുടെ സ്വപ്ന സഞ്ചാരം യാഥാർഥ്യമാകും... .നമ്മുക്ക് നമ്മുടെ വിസ്തൃതമായ സ്വപ്നവിഹായസ്സിലേക്ക് പറക്കാം .....

വരൂ ...നമ്മുടെ വിഹായസ്സിലേക്ക്....

നേടൂ....നാം സ്വപ്നംകണ്ട ലക്ഷ്യങ്ങൾ ......

# ഉള്ളടക്കം


ദൈവത്തിന്റെ സ്വന്തം നാട്ടിലെ മഹാപ്രളയം ....................................................5

ഏകയായി .......................................................6

എന്റെ അമ്മ .......................................................7

MY MOTHER .......................................................8

എന്റെ ഗ്രാമം .......................................................9

നമുക്ക് അതിജീവിക്കാം ഈ പ്രളയത്തെ . .......................................................10

പ്രകൃതി .......................................................11

പ്രളയത്തിന്റെ ഒരു നേർ കാഴ്ച .......................................................12

FRIENDSHIP .......................................................13

മാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ .......................................................14

കേരളത്തിലെ ഇപ്പോഴത്തെ മന്ത്രിമാരും അവരുടെ വകുപ്പുകളും....................................................15

വൈക്കം മുഹമ്മദ് ബഷീർ . ....................................................16

WONDERFUL QUOTES .......................................................17


MY SCHOOL LIFE . .......................................................18

വരകളുടെ ലോകം .......................................................19

# ദൈവത്തിന്റെ സ്വന്തം നാട്ടിലെ മഹാപ്രളയം

സിദ്ധാർത്ഥ് .എസ്സ്

**ദൈവത്തിന്റെ സ്വന്തം നാട്,**



**കേരളം മഹാപ്രളയത്തിൽ നിന്നും കരകയറുകയാണ് ഈ മഹാപ്രളയത്തിൽ സമസ്തവിഭാഗത്തിൽ പെട്ട മനുഷ്യരും ഒരു കുടക്കീഴിൽ നിന്നുകൊണ്ട് ഒത്തൊരുമയോടെ പ്രവർത്തിച്ച " ദൈവത്തിന്റെ സ്വന്തംനാട്" എന്ന പേരിനെ അന്വര്ത്ഥമാക്കുകയാണ് ചെയ്തത്.അക്കാര്യത്തിൽ നമുക്കഭിമാനിക്കാം .**

**നമ്മുടെ നാടിനുമാത്രമുള്ള ഒരു സവിശേഷതയാണ് "നാനാത്വത്തിൽ ഏകത്വം അതാണിവിടെ കണ്ടത്.ഒരു നാണയത്തിന്റെ**



**രണ്ട എന്നു പറയുന്നത് പോലെ ഒരു തരത്തിൽ നമ്മൾ അഭിമാനിക്കുന്നുണ്ടെങ്കിൽ മറ്റിരു തരത്തിൽ നമ്മൾ ദുഃഖിക്കുന്നു .കാരണം ഉറ്റവരെയും ഉടയവരെയും നഷ്ടപ്പെട്ടവർ നിരവധിയാണ്.അതുപോലെ സ്വന്തം വീട് പോലും ഇല്ലാത്തവർ.ഇതൊക്കെ ഓർത്താൽ സന്തോഷത്തേക്കാളേറെ ദുഃഖമാണ് .**

**കാലവർഷം ഇത്രയും ഭയാനകരമാകുമെന്ന് ആരും കരുതിയില്ല . എല്ലാ വര്ഷത്തെയുംപോലെകുട്ടനാടിനുമാത്രം അർഹതപെട്ടതാണിത് എന്ന് എല്ലാവരും കരുതി എന്നാൽ പല മുന്നറിയിപ്പുകൾ തന്നിട്ടും അതൊന്നും ചെവിക്കൊള്ളാതെ പ്രകൃതിയേ നശിപ്പിക്കാനിറങ്ങുന്ന മനുഷ്യ സമൂഹത്തിന് ഒരിക്കലും മറന്നുപോകാത്ത ഒരുപാഠമാണ് തന്നത്.**

**പ്രകൃതി മനുഷ്യരുടെ അമ്മയാണ് .പ്രകൃതിയാണ് ആദ്യമുണ്ടായത് .മനുഷ്യന്റെ ജനനവും മരണവും മനുഷ്യൻ കടന്നുപോകുന്ന ജീവിത അവസ്ഥകളും പ്രകൃതി അറിഞ്ഞുകൊണ്ടാണ്.പ്രകൃതി നിയമ്മങ്ങൾക്കനുസൃതമായി ജീവിക്കേണ്ടവനാണ് മനുഷ്യൻ .ആനിയമങ്ങൾ ലെംഘിച്ചാല് ആ പ്രകൃതിയാകുന്ന അമ്മയുടെ ശാപം എന്നും ഈ മക്കളുടെ ശിരസ്സിൽ തന്നെയുണ്ടാകും .അതുകൊണ്ട് പ്രകൃതിയെ ജനനിയായി കണ്ട് പുതിയ കേരളത്തിന്റെ നവോത്ഥാനത്തിന് വേണ്ടി ഒത്തൊരുമിച്ച പ്രവർത്തിക്കാം ............**

.



# ഏകയായി

നിവേദ് സജി
9 D

തഴുകുന്ന  ഇളം കാറ്റ് നമുക്
ഉദിച്ചുയരുന്ന  സൂര്യൻ നമുക്
തിളങ്ങുന്ന  താരങ്ങളും നമുക്
തഴുകി ഒഴുകുന്ന പുഴകളും നമുക്



എങ്കിലും ജീവിതയാത്രയിൽ നാം
തനിയെ
ആരെയോ തേടിയലഞ്ഞു
ഈ രാവിൽ ഏകയായി ഞാൻ
കണ്ടില്ല ഞാൻ നിന്നെ
കാണുവാനായിന്നു
കാത്തുനിന്നീടുന്നേകയായ് ഞാൻ
ഈ പടിവാതില്ക്കൽ
കാലം കുതിക്കുന്നു കാത്തിരിപ്പിന്റെ
കദനകഥയുടെ അന്ത്യത്തിനായ്
കണ്ടില്ലെങ്കിലും കാത്തിരിക്കാനായിന്നു
നേരവും വിസമ്മതിക്കുന്നെനിക്കായ്
ആരെയോ തേടി അലയുന്നു തിരമാല
പോൽ ഞാനുമലയുന്നു
ആരെയോ തേടി ഇന്നാരെയോ ഓർത്തു
ഞാനാരെയും കാത്തുനിന്നിടാതെ ഓർമ്മകൾ തൻ കൂട്ടുകാരിയായി



# എന്റെ അമ്മ

റിയമോൾ രാജു

അമ്മ എന്നത് എന്റെ ദൈവമാണ് . ഒരു കുഞ്ഞിന്റെ വായിൽ നിന്ന് ആദ്യം കേൾക്കുന്ന വാക്കാണ് അമ്മ . എനിക്ക് താങ്ങും തണലുമായി എന്നും എന്റെ അമ്മ കൂടെയുണ്ടായിരുന്നു . ഒരു പ്രാർത്ഥന ഗീതമാണ് അമ്മ .എന്റെ ജീവിത പ്രശ്നങ്ങളിലും എന്റെ സ്വപ്നങ്ങളിലും എന്റെ കൂടെ ആ പ്രാർത്ഥന ഗീതം ഉണ്ടായിരുന്നു . എനിക്ക് ധൈര്യം പകർന്നു തന്നത് എന്റെ അമ്മയാണ് . ഓരോ പ്രശ്നങ്ങളിലും എന്റെ 'അമ്മ കൂടെ ഉണ്ടായിരുന്നു .



'അമ്മ എന്നത് സ്നേഹത്തിന്റെയും മഹത്വത്തിന്റെയും പ്രീതിനിധിയാണ് .നല്ലതും ചീത്തയും പറഞ്ഞു മനസിലാക്കി തരുന്ന ദൈവമാണ് അമ്മ .അമ്മ എന്നത് രണ്ടു അക്ഷരമാണ് . എന്നാൽ ആ രണ്ടു അക്ഷരത്തിൽ വളരെ അധികം അറിവുണ്ട് . അറിവിന്റെ ലോകമാണ് അമ്മ . അമ്മ വീടിന്റെ ഐശ്വര്യമാണ് . വീട്ടിലെ ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമാണ് അമ്മ . വിജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ലോകം ആകുന്ന അമ്മയെ ഇന്നത്തെ സമൂഹം തള്ളി പറയുകയാണ് ചെയ്യുന്നതു . അങ്ങനെ തള്ളി പറയാതെ അറിവിന്റെ മാതാവായ അമ്മയെ സ്നേഹിക്കാനും ബഹുമാനിക്കാനും ഇന്നത്തെ ഓരോ കുട്ടികൾക്കും കഴിയട്ടെ എന്ന് ഞാൻ ആശംസിക്കുന്നു .



# MY MOTHER

My mother is an angel.
A kind and gentle woman
She gaves me every comfort we need
I all love her very much .
She gets up very early and sleeps very late every day .
She works very hard yet without complain .
My mother says to us “Study While You Study , play While You Play .
If you did not work you will become lazy and of no use to the world ”
If is a good piece of advice . We must love our mother sincerely and truthful

Abel Gee Chacho.



ഗോബൻ റോഷൻ.പി

# എന്റെ ഗ്രാമം

കാത്തിരിക്കുന്നു ഞാൻ
ഏകനായി കാത്തിരിക്കുന്നു
നല്ല നാളിന്റെ ആഗമനത്തിനായി മൂകനായി
ആശ്ചര്യമില്ലാതെ അങ്കലാപ്പില്ലാതെ
ഓർക്കുന്നു ഞാൻ മരുഭൂമിയിൽ നിന്നും
ദൈവനാടിന്റെ ആ ഗ്രാമഭംഗി
ഓർക്കാതിരിക്കാൻ കഴിയില്ലെനിക്കിന്നു
വിരഹ ദുഖത്തിന്റെ വേദനയിൽ
മകരമാസത്തിന്റെ മഞ്ഞിൽ വിരിയുന്ന
പൂക്കളെ കാണുവാൻ എന്ത് ഭംഗി കലപില ശബ്ദമായി
നിദ്രയുണർത്തുന്ന
കിളികളെ കാണുവാൻ എന്ത് ഭംഗി
കുന്നും മലകളും പാടങ്ങളും ഉള്ള
ഒരു കൊച്ചു ഗ്രാമമാണെന്റെ ഗ്രാമം
ടാറിട്ട റോഡില്ല വൈദ്യുതിയും
ഓലകൾ മേഞ്ഞുള്ള കുരകളും



നിദ്ര ഉണർന്നു ഞാൻ നേരെ നടന്നല്ലോ
ആ കൊച്ചു പാട വരമ്പിലൂടെ
മകരമാസത്തിന്റെ മഞ്ഞിൻകണങ്ങളെ
മുത്തപ്പോൾ തഴുകിയ പുല്ലിലൂടെ
വിദ്യാലയങ്ങൾക്ക് അവധി ഉണ്ടാകുമ്പോൾ
കുട്ടികൾ തെരുവിൽ നിറഞ്ഞിരുന്നു
ബാലികാബാലന്മാർ ഒന്നായി നിരന്നു
ഗ്രാമത്തിന് ഐശ്വര്യദീപം പോലെ
മീൻപിടിച്ചതും തുമ്പിയെപ്പിടിച്ചതും
ചെളിയിലകളിച്ചതും ഓർമ്മതന്നെ
പുളിയും മാങ്ങയും പങ്കിട്ടു തിന്നതും
ബാല്യകാലത്തിന്റെ സ്മരണത്തന്നെ കുന്നില്ല
മരമില്ല പടങ്ങളിലിന്നു
ഉഴുതുമറിയില്ല പാട്ടുമില്ല
ഗ്രാമത്തിന് ഐശ്വര്യദീപമായി നിന്ന
ബാലികാബാലന്മാർ എങ്ങുമില്ല
കളികൾ നിൽക്കും തൊഴുത്തുക്കൾ പോലുമിന്നു
ഓലയിൽ എങ്ങും അശേഷമില്ല
കർഷകപാട്ടില്ല കര്ഷകരുമില്ല
എന്തൊരു ദുർവിധി ലോകനാഥാ
വൈദ്യുതി ഉണ്ടിന്ന് കേബിളും ഫോണും
കുട്ടിഫോണിന്റെ ടവറുകളും



സൗഭാഗ്യം ഇങ്ങനെ ചേർന്ന് നിന്നിട്ടും
എന്തെ ഇന്നാർക്കും സമയമില്ല കുന്നില്ല മരമില്ല പടങ്ങളിലിന്നു
ഉഴുതുമറിയില്ല പാട്ടുമില്ല
ഗ്രാമത്തിന് ഐശ്വര്യദീപമായി നിന്ന
കാബാലന്മാർ എങ്ങുമില്ല
കളികൾ നിൽക്കും തൊഴുത്തുക്കൾ പോലുമിന്നു
ഓലയിൽ എങ്ങും അശേഷമില്ല
കർഷകപാട്ടില്ല കര്ഷകരുമില്ല
എന്തൊരു ദുർവിധി ലോകനാഥാ
വൈദ്യുതിഉണ്ടിന്ന് കേബിളുംകുട്ടിഫോണിന്റെ ടവറുകളും   സൗഭാഗ്യം ഇങ്ങനെ ചേർന്ന്നിന്നിട്ടും
എന്തെയിന്നാർക്കും സമയമില്ല



# നമുക്ക് അതിജീവിക്കാം ഈ പ്രളയത്തെ

ഗംഗ കൃഷ്ണൻ
9 E

പ്രിയപെട്ടവരെ .......

അതിഭീകരമായിരുന്ന കേരളം ഈ വർഷം നേരിട്ട പ്രളയം .ഇപ്പോഴും നാം അതിൽനിന്നും പൂർണമായും മോചനം നേടിയിട്ടില്ല .

അപ്രതീക്ഷിതമായിട്ടാണ് ദുരന്തങ്ങൾ നമുക്കു നേരിടേണ്ടി വന്നത് .ആതിലെത്രയോ പേര് മരണമടഞ്ഞു .നിരവധിപേരുടെ വീടുകൾ നശിച്ചു .എത്രയോ പേര് അനാഥരായി .നമ്മെ രക്ഷിക്കാനെത്തിയവരിൽ എത്രയോ പേർക്ക്



പരിക്കേൽക്കുകയും മരണത്തിനു കിഴടങ്ങുകയും ചെയ്തു .സ്കൂൾ ബാഗുകളും പാഠപുസ്തകങ്ങളും നഷ്ടപെട്ട എത്രയോ കുട്ടികൾ.ആ വിതുമ്പുന്ന കുട്ടികളുടെ മുഖം നമ്മൾ കണ്ടില്ലേ.അവസാനം ദുരന്തം നമുക്ക് വേണ്ടി വഴിമാറി.നമ്മുടെ കേരളം മൊത്തം നശിച്ചു.ഇനി നമുക്ക് എല്ലാം പഴയതു പോലെ ശെരിയാക്കിയെടുക്കണം.നമ്മൾ ഒരിക്കലും നിരാശരാകരുത്.സമചിത്തതയോടെ നമ്മൾ എല്ലാ പ്രശ്നങ്ങളെയും നേരിടണം.ഹിരോഷിമയിൽ വർഷിച്ച അണുബോംബിന്റെ പ്രഭാവം മൂലം ഇന്നും ജനിക്കുന്ന കുട്ടികൾക്കുപോലും അതിന്റെ വൈകല്യമുണ്ട്.അതുപോലെ തന്നെയാണ് 'ഇന്തോനേഷ്യ' നടന്ന ഭൂചലനവും സുനാമിയും കോടാനുകോടി ജനങ്ങൾ മരണത്തിനു കീഴടങ്ങി.1500 പേർക്കായി അവിടുത്തെ സർക്കാർ ഒറ്റ മരണക്കുഴി നിർമ്മിച്ചില്ലേ ഇതൊക്കെ നമുക്ക് മറക്കാൻ സാധിക്കുമോ.അതുപോലെ തന്നെ അമേരിക്ക ചുഴലിക്കാറ്റിനേയും പ്രളയത്തേയും ഒരുപോലെ നേരിട്ടില്ലേ.കേരളം 1924-ൽ ഇതുപോലൊരു പ്രളയം നേരിട്ടതാണ് അതിനെ അതിജീവിച്ചില്ലേ,അതുപോലെ നമ്മൾ ഇതിൽ നിന്നുരക്ഷപെടുകയും അതിജീവിക്കുകയും ചെയ്യും.പ്രളയം പ്രകൃതിയുടെ ഒരു സ്വാഭാവിക പ്രതിഭാസമാണ്.അത്തരം ദുരന്തം ഇനി നേരിടേണ്ടി വന്നേക്കാം പക്ഷേ അത് നമ്മൾ ധീരതയോടെ നേരിടുകയാണ് വേണ്ടത്.ദുരന്തമനുഭവിച്ചവർക്കും ദുരന്തത്തിൽ നമ്മെ രക്ഷിക്കാനെത്തിയവർക്കും എല്ലാം വേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

# പ്രകൃതി



ശ്രീധന്യ എസ്
9E

**എന്റെ പ്രകൃതി .**

**എത്ര മനോഹരം എത്ര മനോഹരം**
**ഭുവിതൻ ഹരിതാഭ എത്ര സുന്ദരം**
**കൺ കുളിർക്കുന്ന പച്ചപ്പ്**
**മനസ്സിൽ അലകൾ പുളകിതമായി**



**കിളികൾ തൻ കളകളാരവം**
**എത്ര മനോഹരം എത്ര മനോഹരം**
**കുളിര്കാറ്റിൽ ശാന്തത സ്വച്ഛത**
**മനസ്സിൽ ശാന്തിയെ പുണര്ന്നു**
**സൂര്യകിരണങ്ങൾ വൃക്ഷത്തലപ്പുകൾ**
**ക്കിടയിലൂടെ എത്തീടവേ**
**പുലരിതൻ സൗന്ദര്യംവർദ്ധിച്ചീടവേ**
**പൊൻവെയിൽ അരഞ്ഞാണം ചാർത്തിയ**
**പ്രകൃതി എത്ര മനോഹരി**
**ഈ പ്രകൃതി തൻ മടിത്തട്ടിൽ പിറന്ന**
**മനുഷ്യാ നീ എത്ര ഭാഗ്യവാൻ**
**മഴയായി കുളിരണിയിക്കുന്ന പൊൻ**
**പ്രകൃതിയാകുന്ന അമ്മ**
**പ്രകൃതിയാകുന്ന അമ്മ**

**ആ അമ്മ യെ എന്നും നമ്മൾ നമിക്കുക**
**അമ്മതൻ മാർ പിളർന്നു രക്തം കുടിക്കാതിരിക്കുക**
**ആ അമ്മ തരുന്ന സ്വച്ഛത ,ശാന്തത**
**ആവോളം നുകർന്ന് ജീവിത**
**നൈർമല്യം ആസ്വദിക്കു**
**പുതു തലമുറ ആ സുഗന്ധം അനുഭവിച്ചറിയുക**



## പ്രളയത്തിന്റെ ഒരു നേർ കാഴ്ച

അർജ്ജുൻ രാജീവ്
൯C

എങ്ങനെയാണ് പ്രളയത്തെപ്പറ്റി പറയേണ്ടത് എന്നെനിക്കറിയില്ല ....പ്രളയം വന്ന ആ ദിവസം എന്നുംമലയാളികളുടെ മനസ്സിലെ ഒരു ഉണങ്ങാത്ത മുറിവായിത്തന്നെ ഉണ്ടാവും .എന്ന് മനുഷ്യർ ദൈവത്തെ എതിർക്കാൻ തുടങ്ങിയോ അന്ന് മുതൽ അത് ഈ നാടിന്റെ നാശത്തിനു കാരണമായി .പാവപെട്ടവനോ ,പണക്കാരനെന്നോ എന്നുനോക്കാതെ എല്ലാം നശിപ്പിച്ചു മഹാ താണ്ഡവമാടി പ്രളയം കെട്ടടങ്ങി.... .ഇത്രയും ഭയാനമായ പ്രളയം കേരളം ഈ നൂറ്റാണ്ടിൽ കണ്ടിട്ടില്ല .... ഒരു പൂവിറുക്കുന്ന ലാഘവത്തോടെ ....എത്ര ജീവിതങ്ങളാണ് പ്രളയത്തിൽ പൊലിഞ്ഞതു .ഈ പ്രളയത്തിന്റെ കാരണം എന്തായിരുന്നു ? ?ശക്തമായ മഴയോ അതോ ഡാമുകൾ കൂട്ടമായി തുറന്നതിനാലോ അതോ



ദൈവശാപമോ .....ആരോ എന്തോ എന്നോട് ഈ പ്രളയത്തിലൂടെ പറയാൻ ശ്രമിച്ചതുപോലെ എനിക്ക് തോന്നി .ഈ മനുഷ്യൻ തന്നെയാണ്  പ്രളയത്തിന് കാരണം മനുഷ്യന്റെ ഹീനമായ പ്രവർത്തികൾ കാരണമാണ് ഈ പ്രളയം വന്നത് .മനുഷ്യൻ ഈ ഭൂമിയെ നശിപ്പിച്ചാൽ അവസാനം ഇതിന്റെ എല്ലാം ഫലം നമ്മൾ ഒരുമിച്ച് അനുഭവിക്കേണ്ടിവരും .മലകൾ ഇടിച്ചും ,മരങ്ങൾ വെട്ടി മുറിച്ചും , ജലസ്രോതസ്സുകൾ വറ്റിച്ചും മനുഷ്യനീ  ഭൂമിയെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ് മനുഷ്യന് ഭൂമിയോടുള്ള  ഇത്തരം പ്രവർത്തികൾ മൂലമാണ് ഈ പ്രളയം വന്നതും  മനുഷ്യർ മരിച്ചതും .ഈ പ്രളയം മനുഷ്യന്റെ പാപങ്ങളുടെ തിരിച്ചടിയാണ് .ഈ പ്രളയം മൂലം മനുഷ്യൻ ചിലതൊക്കെ പഠിച്ചു .വിശപ്പിന്റെ വില ,ജലത്തിന്റെ മൂല്യം ,ഉടുതുണിയുടെ പ്രാധാന്യം ,മനുഷ്യന്മാർ തമ്മിലുള്ള പരസ്പര സ്നേഹം കൂടി ,ജാതിമത ഭേതമന്യേ എല്ലാരും ഒന്നാണെന്നുള്ള ചിന്ത മനുഷ്യനിൽ വ്യാപിച്ചു .നമ്മൾ നമ്മുടെ മക്കളെ സ്നേഹിക്കുന്ന പോലെ തന്നെ നമ്മൾ പ്രകൃതിയെയും സ്നേഹിക്കണം സ്നേഹം അങ്ങോട്ട് കൊടുത്താലേ ഇങ്ങോട്ടും തിരിച്ചു കിട്ടുകയുള്ളു .മനുഷ്യൻ പ്രകൃതിയുടെ കാവൽക്കരാവണം  അല്ലാതെ പ്രകൃതിയെ നശിപ്പിക്കിന്നവരാകരുത്



# പ്രളയം

സ്വപ്ന ഉദയൻ
൯ E

പ്രളയം മൂലം ഭൂമി നശിക്കുമെന്നല്ലോ
പുരാണങ്ങൾ പറയുന്നത് .
അത് സത്യമാണെന്ന തോന്നിത്തുടങ്ങിയ ദിനങ്ങൾ
ഒരു ദിനമതാ കേൾക്കുന്ന
വരുന്ന അത്രേ വെള്ളപൊക്കം

അതാ എത്തുകയായി വെള്ളപൊക്കം
ജാലകവാതിൽ തുറന്നപ്പോൾ
വീടിന് ഉമ്മറത്തിണ്ണയിൽ അതാ
കയറുന്ന വെള്ളം പതുക്കെ

പതുക്കെ അതിന്
വരവിന്റെ ശക്തി കൂടി
അകത്തളങ്ങളിൽ കയറി
ജനങ്ങൾ പരിഭ്രാന്തരായി ഓടവെ
രക്ഷ പ്രവർത്തകർ ഇരുകരങ്ങളും
നീട്ടി എത്തിടവേ

കൈയിൽ കിട്ടിയതും പേറി
പ്രാണഭയത്താൽ രക്ഷപെടുന്ന
പാവം ഭയചകിതരായ മനുഷ്യർ
ഹാ കഷ്ടം പുത്തൻ തലമുറയുടെ വിധി
താൻ തന്നെ വരുത്തി വെച്ച വിധി




# FRIENDSHIP

Stephin E Thomson

9B

*Friendship is a feeling of love and affection of one person for another.*
*Friendship does not exist where tastes,*
*feelings and sentiments are not similar.*
*Friend in need is a friend in deed. We can examine the sincerely of a friend*
*during our time of hardship. Only a sincere and faithful friend remains with us*
*at the time of our trouble. In friend's there is no castes, religions,rich man or poor man. All are same.*



# മാധ്യമങ്ങളുടെ സ്വാധീനം കുട്ടികളിൽ

കെസിയ സൂസൻ
9 D

വിജ്ഞാന വിസ്ഫോടനത്തിന്റെ ഈ കാലഘട്ടത്തിൽ അറിവ് ഉല്പന്നമായും ഉപകരണമായും ചൂഷണോപാധിയായും മാറിക്കൊണ്ടിരിക്കുന്നു . ഈ വ്യവസ്ഥിതിയിൽ നാം നിലനിൽക്കെ ശാസ്ത്രം മാനവയുഗത്തിനു സമ്മാനിച്ച ഒന്നാണ് മാധ്യമങ്ങൾ .

"സത്യസന്ധമായ ആശയവിനിമയത്തിന്റെയും ക്രിയാത്മകമായ ആശയങ്ങളുടെയും സുഭദ്രമായ മൂല്യങ്ങളുടെയും സംവിധാനത്തിലൂടെ സമൂഹത്തെ കെട്ടുപണി ചെയുന്ന വേദിയായി മാധ്യമ ലോകം മാറണം" എന്ന ജോൺ മാർപാപ്പ ഒരിക്കൽ പറഞ്ഞിട്ടുണ്ട് . ഇന്ന് അഭിപ്രായ പ്രകടനത്തിനും സൗഹൃദലോകം സൃഷ്ടിക്കുന്നതിനുമുള്ള ഒരു ഉപാധിയാണ് മാധ്യമങ്ങൾ . പക്ഷെ ഉടമകളാകേണ്ട നാം പലപ്പോഴും മാധ്യമങ്ങൾക്ക് അടിമകളാണോ ചിന്തിക്കേണ്ടതുണ്ട് .

ഇന്ന് ഈ ആധുനിക ഹൈടെക് യുഗത്തിൽ തൊഴിൽ അവസരങ്ങളെപ്പറ്റി അറിയുവാനും മറുവാനും ലോകത്തിന് അനുസ്യുതമായ നമ്മുടെ ചുവടുകൾ മാധ്യമങ്ങളിലേക്ക് ആകർഷിക്കുന്നു എന്നത് ഒരു വസ്തുതയാണ് . മദർ തെരേസ "In My own word"എന്ന തന്റെ ആത്മകഥ പുസ്തകത്തിൽ ഇപ്രകാരം പറയുന്നു "സാഹിത്യമല്ല പാണ്ഡിത്യമല്ല ,വേദനനിറഞ്ഞ മനസുകളെ കൈപിടിച്ചുയർത്തുക സാമൂഹിക പ്രവർത്തനങ്ങൾക്ക് മാധ്യമങ്ങൾ വഴിഒരുക്കണം"

എന്നാൽ ഒരു നാണയത്തിന്റെ രണ്ട് വശങ്ങൾ എന്നപോലെ മാധ്യമങ്ങൾക്കും നന്മ തിന്മകൾ ഉണ്ട് .ഇന്ന് കുടുംബങ്ങളിലെ വില്ലനായി ദൃശ്യമാധ്യമങ്ങൾ മാറിയിരിക്കുന്നു .പ്രാർത്ഥനപോലും സീരിയലിന്റെ ഇടവേളകളിൽ നടത്തേണ്ട ഒന്നായി ഏവരും കരുതുന്നു ഇന്ന് മാധ്യമങ്ങളുടെ അമിത ഉപയോഗം കുട്ടികളിൽ കൂടിവരുന്നു . മാധ്യമങ്ങളുടെ അമിത ഉപയോഗം മൂലം ആത്മഹത്യ ശ്രമങ്ങൾ ,വിഷാദരോഗം,മനസികപ്രശ്നം എന്നിവയ്ക്ക് കുട്ടികൾ ഇരയാകുന്നു .ആ സംസ്കാരസമ്പന്നമായ തലമുറയെ തിരക്കിപിടിക്കുവാൻ നന്മകൾക് കഴിയണം " ഗുരു നീ തന്നെയാണ് ,നമ്മുക് നീതന്നെ വിളക്ക് "
എന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട് .

അരുത് എന്ന് പറയുവാൻ പ്രലോഭനങ്ങളിൽ അകപ്പെടാതിരിക്കുവാൻ മാധ്യമങ്ങളുടെ മയകാഴ്ചയിൽ മയങ്ങിപോകാതിരിക്കുവാൻ നമുക്ക് കഴിയണം .

## കേരളത്തിലെ ഇപ്പോഴത്തെ മന്ത്രിമാരും അവരുടെ വകുപ്പുകളും



സംഗീത് രാജേന്ദ്രൻ
9D

| | | |
|---|---|---|
| 1. | പിണറായി വിജയൻ : | മുഖ്യമന്ത്രി ,ആഭ്യന്തരമന്ത്രി |
| 2. | ശ്രീ .പി .രാമകൃഷ്ണൻ : | സ്പീക്കർ |
| 3. | വി.ശശി : | ഡെപ്യൂട്ടി സ്പീക്കർ |
| 4. | ടി . എം .തോമസ് ഐസക് : | ധനകാര്യമന്ത്രി |
| 5. | സി . രവീന്ദ്രനാഥ് : | വിദ്യാഭ്യാസമന്ത്രി |
| 6. | ഇ . ചന്ദ്രശേഖരൻ : | റവന്യൂമന്ത്രി |
| 7. | മാത്യു .ടി തോമസ് : | ജലസേചനമന്ത്രി |
| 8. | തോമസ് ചാണ്ടി : | ഗതാഗതവകുപ്പ് |
| 9. | കെ . ടി . ജലീൽ : | തദ്ദേശസ്വയംഭരണവകുപ്പ് |
| 10. | കടകം പള്ളി സുരേന്ദ്രൻ : | സഹകരണവകുപ്പ്, ദേവസ്വം |
| 11. | എ . സി . മൊയ്തീൻ : | വ്യവസായവകുപ്പ് |
| 12. | മേഴ്സിക്കുട്ടിയമ്മ : | ഫിഷറിസ് |
| 13. | ടി.പി .രാമകൃഷ്ണൻ : | എക്സൈസ് |
| 14. | ജി .സുധാകരൻ : | പൊതുമരാമത്ത് |



# വൈക്കം മുഹമ്മദ് ബഷീർ

അതുല്യ അനിൽ
9E

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ (ജനനം: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - മരണം: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.



1908 ജനുവരി 21 ന് തിരുവിതാംകൂറിലെ (ഇപ്പോഴത്തെ കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിൽ ഉൾപ്പെട്ട) തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമാണ് ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് (5-ആം ക്ലാസ്സ്) കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കള്ളവണ്ടി കയറി കോഴിക്കോട്ടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാള സാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റലിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച തങ്കം ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

# *Wonderful Quotes.*



SONA MARIAM VINU

9D

1. Tomorrow is my exam , but I don't care because a single sheet of paper can't decide my future.

**Thomas Alva Edison.**

2. Education is the most powerful weapon which you can use to change the world.

**Nelson Mandela.**

3. Books are as useful to a stupid person as a mirror is useful to a blind person

**chanakya.**

4. If you salute your duty , you need not salute anybody. But if you pollute your duty , you have to salute everybody.

**Dr A P J Abdul Kalam.**

5. Discipline is choosing between what you want now and what you want most

**Abraham Lincoln.**

6. Education is the ornament in prosperity and a refuge in adversity

**Aristotle.**

7. When you reach the end of your rope,tie a knot in it hand on.

**Franklin D Roosevelt.**

8. Keep your face always towards the sunshine and shadows will fall behind you.

**Walt Whitman.**

9. Do not dwell in the past, do not dream of the future , concentrate the mind on the present moment

**Buddha.**

10. Some of the brightest mind in the country can be found on the last benches of the classroom

**Dr A P J Abdul Kalam.**

# MY SCHOOL LIFE

Amritha Anil

9C

We have always heard that school life is the best life. Students enter the real world that is our school. After school life we missing those happiness and memorable days. We should never be able to enjoy such carefree life again. School life lived well memories cherish and friends to keep for a life time



The first day of our school when we came introduce our new friends. Remember one thing we choose good friends for our good school life. Friendship is the most precious gift of god. We spend more time with our friends. We understand that the teachers are the most precious one. Teachers are removing darkness from our mind and giving right,goodness, kindness and discipline. They build children as a good one who have kindness in mind. Teachers are the most important person in our life. So don't forget our teachers ,friends and our lovable school. Teachers changes our life into a beautiful one. They wakes up the talents in our mind. So give respect for our teachers. That will make our life to change so, we enjoy our school life with our friends and our teachers. We understand many lessons from our school life. Don't forget those memorable days .........


# പടിയിറക്കം

അഭിഷേക് എസ്
10 D

പത്തു വർഷത്തെ സ്കൂൾ ജീവിതത്തിനു ശേഷം
മാർച്ചിന്റെ വരണ്ട ദിനങ്ങളിലൊന്നിൽ  പടിയിറങ്ങുകയാണ്.
ഈ നീണ്ടകാലം ജീവിതത്തിലൂടെ കടന്നു പോയ അദ്ധ്യാപകർ ...
കൂട്ടുകാർ ..എല്ലാവര്ക്കും നന്ദി ...
ഗുരുത്വമാണ് ഏറ്റവും വല്യ ശക്തി എന്ന് തിരിച്ചറിയുന്നു..........
സൗഹൃദമാണ് ഏറ്റവും വല്യ ദർബല്യം എന്നുമനസിലാക്കുന്നു ..........
ഒരുപാട്ടു ഓർമ്മകൾ കടം തന്ന.....
വിദ്യാലയമേ ....നന്ദി ....!


# <u>വരകളുടെ ലോകം</u>



Alisha Shibu
IX:D


Alisha Shibu
IX:D


"SAVE ME"
By SANGEETH.M IX.E


SAVE OUR EARTH AND OUR ENVIRONMENT


Don't Destroy the Beauty of the Nature
SAVE THE NATURE WITH BEAUTY
By Keziya Susan IX:D




Nature is Beautiful

# കടപ്പാട്



*ഈ ഡിജിറ്റൽ മാഗസിൻ യാഥാർഥ്യമാക്കിയഎസ്.വി.എച്.എസ്പാണ്ടനാട് സ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങളുടെ സാരഥിയായ സ്കൂൾ ഹെഡ് മിസ്ട്രസ് അംബിക കുമാരി ടീച്ചറിനും സാഹിത്യ സൃഷ്ടികൾക്ക്പ്രചോദനമായ പി . കെ ബിന്ദു ടീച്ചറിനും, ഷെറിൻ ടീച്ചറിനും, ഞങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നല്കി കൈത്താങ്ങായ സ്മിത ടീച്ചറിനും*

*നന്ദി .........!*

**സ്വപ്ന ഉദയൻ**

**(സബ്എഡിറ്റർ )**